"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഗുണമേന്മ വിദ്യാഭ്യാസം - 5, 6, 7 ക്ലാസ്സുകളിലെ പൊതു പരീക്ഷയിൽ സബ്ജക്റ്റ് മിനിമവും വിലയിരുത്തൽ മാർഗ്ഗരേഖയും - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

പൊതു വിദ്യാഭ്യാസ(ഡി)വകുപ്പ്

സ.ഉ.(കൈ) നം.17/2026/GEDN തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം. 103/2024/പൊ.വി.വ. തീയതി 16/08/2024

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/08/2025-ലെ DGE/12559/2025-QIP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടി രൂപീകരിക്കുന്നതിനും, 2024-2025 അക്കാദമിക വർഷം എട്ടാം ക്ലാസ്സിലും 2025-2026 അക്കാദമിക വർഷം 8, 9 ക്ലാസ്സുകളിലും 2026-2027 അക്കാദമിക വർഷം 8, 9, 10 ക്ലാസ്സുകളിലും പൊതുപരീക്ഷയിൽ സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നതിനും നിരന്തര മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) അതത് ക്ലാസിലെ പഠനലക്ഷ്യം നേടിയെന്ന് ഉറപ്പാക്കുന്നതിനും തുടർപഠനം സാധ്യമാക്കുന്നതിനുമാണ് 2024-25 അധ്യയന വർഷം മുതൽ എട്ടാം ക്ലാസ്സിൽ എഴുത്തു പരീക്ഷയിൽ സബ്ജക്റ്റ് മിനിമം ഏർപ്പെടുത്തിയത്. എഴുത്ത് പരീക്ഷയിൽ സബ്ജക്റ്റ് മിനിമം ആർജ്ജിക്കാത്ത കുട്ടികൾക്ക് അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ബ്രിഡ്ജ് കോഴ്സ് നൽകി പഠന പിന്തുണയും നൽകി വരുന്നു. 2025-2026 അധ്യയന വർഷം മുതൽ 5,6,7 ക്ലാസ്സുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിനു പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. അതോടൊപ്പം തന്നെ 5,6,7 ക്ലാസ്സുകളിൽ നടപ്പാക്കേണ്ട കരട് വിലയിരുത്തൽ മാർഗ്ഗരേഖയും സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 5,6,7 ക്ലാസ്സുകളിൽ 2025-2026 അധ്യയന വർഷം മുതൽ പൊതു പരീക്ഷയിൽ സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നതിനും നിരന്തര

മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 5, 6, 7 ക്ലാസ്സുകളിലെ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന വിലയിരുത്തൽ മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിദ്യാകിരണം മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി., തിരുവനന്തപുരം

ഡയറക്ടർ, സമഗ്രശിക്ഷാ കേരള, തിരുവനന്തപുരം

ഡയറക്ടർ, സീമാറ്റ് കേരള, തിരുവനന്തപുരം

ഡയറക്ടർ, എസ്.ഐ.ഇ.റ്റി., തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
സെക്ഷൻ ഓഫീസർ
Date: 03-02-2026 14:29:12

പകർപ്പ് -

1. ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

3. പൊതുവിദ്യാഭ്യാസ (ആർസി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്9*---------------
---------------------------------------